എം. എൽ. എ. മാരുടെ ശമ്പളം കൂട്ടി

(പി. ടി. ഐ.) ജമ്മു ഏ. 4

ജമ്മു-കാശ്മീർ നിയമസഭാംഗങ്ങളുടെ ശമ്പളവും അലവൻസും വർദ്ധിപ്പിച്ചുകൊണ്ടുള്ള ആക്ടഭേദഗതിക്കിൽ ഇന്നത്തെ നിയമസഭ അംഗീകരിച്ചു.

ശമ്പളം300ൽ നിന്ന് 400 ഉം 15ൽ നിന്ന് ദിവസഅലവൻസ് 21 ഉം ആക്കിയിരിക്കുന്നു.

Reg: No K. 81

തൊഴിലാളി

Founder Father Vadakkan

Honorary Chief Editor T. O. Mathew M. A. :: Managing Editor B. Wellington B. A.

'തൊഴിലാളി' വരിസംഖ്യ നിരക്ക്

	പോസ്റ്റ്‌വഴി	പോസ്റ്റ്‌വഴി വാരാന്ത്യപ്പതിപ്പ്
ഒരു കൊല്ലത്തേയ്ക്ക്	27_00	6_00
6 മാസത്തേയ്ക്ക്	13_50	3_00
1 മാസത്തേയ്ക്ക്	2_25	1_50
ഏജൻറുമാർവഴി ഒരു മാസത്തേയ്ക്ക്		
വാരാന്ത്യപ്പതിപ്പ് അടക്കം		2_10
കറപ്പതി	0_07	0_10

മാനേജർ.

പുസ്തകം 12 | ലക്കം 92 | 1965 ഏപ്രിൽ 5 തിങ്കൾ തൃശ്ശൂർ | വില 4 പൈസ | പേജ് 2

വിയറ്റ്നാമിലേക്ക് കൂടുതൽ അമേരിക്കൻസേനകൾ

വ്യോമാക്രമണങ്ങൾ ശക്തിപ്പെടുത്താനും തീരുമാനിച്ചു

കമ്മ്യൂണിസ്റ്റ് മിഗ്ഗുകൾ ആദ്യമായി യുദ്ധരംഗത്തിൽ

(പി. ടി. ഐ.) ന്യൂയോർക്ക്, ഏപ്രിൽ 4

തെക്കൻ വിയറ്റ്നാമിൽ വളർന്നുകൊണ്ടിരിക്കുന്ന വിയറ്റ്കോങ്ങ് ശക്തിയെ തടയുവാനും, വിയറ്റ്നാം പ്രശ്നത്തിനു് നയതന്ത്രപരമായ ഒരു തീർപ്പുണ്ടാക്കുന്നതിനു് ഹാനോയിയുടെ മേൽ സമ്മർദ്ദം ചെലുത്തുവാനും തെക്കൻ വിയറ്റ്നാമിലേക്കു് കൂടുതൽ അമേരിക്കൻ സേനകളെ അയക്കുവാൻ അമേരിക്ക തീരുമാനിച്ചിരിക്കുന്നു.

ഇതോടൊപ്പം കൂടുതൽ പണവും, ആയുധങ്ങളും തെക്കൻ വിയറ്റ്നാമിലേക്കു് അമേരിക്കയിൽനിന്നു് ഒഴുകുന്നതാണു്.

സൈനോണിലെ അമേരിക്കൻ സ്ഥാനപതി ജനറൽ ടെയിലറുടെ വാഷിംഗ്ടൺ സന്ദർശനവും, ചച്ചകളുമാണു് ഈ തീരുമാനത്തിനു് രൂപം കൊടുത്തതു്. വടക്കൻ വിയറ്റ്നാമിനു് നേരെയുള്ള വ്യോമാക്രമണങ്ങളും കൂടുതൽ ശക്തിമത്തായി നടത്തുവാനും അമേരിക്ക ഉറച്ചിട്ടുണ്ടു്. വടക്കൻ വിയറ്റ്നാമിൻറെ വളരെ ഉള്ളിലേക്കു് കടക്കുന്നതരത്തിലായിരിക്കും ഈ ആക്രമണങ്ങളും.

വാഷിംഗ്ടണിൽ ഉന്നതനിലവാരത്തിൽ എടുത്ത ഈ തീരുമാനങ്ങളും പുറത്തുവന്നതു അതേ സന്ദർഭത്തിൽതന്നെ, അമേരിക്കൻ വ്യോമാക്രമണങ്ങളും നിർത്തണമെന്നു് കനേഡിയൻ പ്രധാനമന്ത്രി ലെസ്റ്റർ പിയേഴ്സൺ ഫിലാഡൽഫിയയിൽ ഒരു പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി.

വീണ്ടും വ്യോമാക്രമണം

[റോയിട്ടർ] സൈഗോൺ, ഏ. 4

ഇന്നലെ വടക്കൻ വിയറ്റ്നാമിനെ അമേരിക്കൻ വിമാനങ്ങൾ വീണ്ടും ആക്രമിക്കുകയുണ്ടായി. ഈ ആക്രമണങ്ങൾ ഇടക്കിടയിൽ നിർത്തിയതിനുശേഷം ആദ്യമായി അമേരിക്കൻ വിമാനങ്ങൾക്കു് കമ്മ്യൂണിസ്റ്റ് മിഗ്ഗ് വിമാനങ്ങളെ നേരിടേണ്ടിവന്നു.

വടക്കൻ വിയറ്റ്നാമിൻറെ തലസ്ഥാനമായ ഹാനോയിക്കു് 65 നാഴിക ദൂരെയുള്ള പാലങ്ങളായിരുന്നു ഇന്നത്തെ ആക്രമണത്തിൻറെ ലക്ഷ്യം.

.....

തോട്ടം തൊഴിലാളി പണിമുടക്ക് നീട്ടിവെക്കണമെന്ന് രാജാനന്ദം

(പി. ടി. ഐ) മദ്രാസ് ഏ. 4

നിർദ്ദിഷ്ടമായ ഏകദിന പണിമുടക്ക് നീട്ടിവെക്കണമെന്ന് ഐ. എൻ. ടി. യു. സി. ജന. സെക്രട്ടറിയും ഇന്ത്യൻ നാഷണൽ പ്ലാൻറേഷൻ വർക്കേഴ്സ് ഫെഡറേഷൻ പ്രസിഡണ്ടുമായ ജി. രാമാനന്ദം പ്ലാൻറേഷൻ യൂണിയനുകളോടു് അഭ്യർത്ഥിച്ചിരിക്കുന്നു.

ഏപ്രിൽ 11 12 തിയതികളിൽ ബോംബെയിൽ വെച്ചു് നടക്കുവാൻ പോകുന്ന ടീ പ്ലാൻറേഷൻ വേജ് ബോഡ് തീരുമാനത്തെ സംബന്ധിച്ചിടത്തോളം തനിക്കു് വളരെയൊന്നും ശുഭപ്രതീക്ഷയില്ലെങ്കിലും വേജ് ബോർഡിനൊരവസരം നൽകേണ്ടതു് തൊഴിലാളികളുടെ കടമയാണു് എന്നഭിപ്രായപ്പെടുന്നു.

ഈ പ്രശ്നം സംബന്ധിച്ചു് വേജ് ബോർഡ് പരിഗണിച്ചു കൊണ്ടിരിക്കയാണെന്നും അതുകൊണ്ടു് നിർദ്ദിഷ്ട പണിമുടക്ക് ഉപേക്ഷിക്കണമെന്നും വേജ് ബോഡ് ചെയർമാൻതന്നെ അറിയിച്ചിട്ടുണ്ടു് എന്നുരാമാനന്ദം പറഞ്ഞു.

ടീപ്ലാൻറേഷൻ വേജ് ബോർഡിൻറെ നിദ്ദേശങ്ങളും നടപ്പാക്കുന്നതിലെ കാലതാമസത്തിലും ആസ്സാം, ബങ്കാൾ എന്നിവിടങ്ങളിലെ പോലെ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികൾക്കു് ഭക്ഷ്യധാന്യങ്ങളും സബ്സിഡിറേറ്റിൽ കൊടുക്കാത്തതിലും പ്രതിഷേധിച്ചു് ഏപ്രിൽ 8 നു് തങ്ങളുടെ പണിമുടക്കു് നടത്തുന്നതാണെന്നു് കാണിച്ചു് മദ്രാസിലേയും കേരളത്തിലേയും തോട്ടം വ്യവസായത്തിലെ വിവിധ യൂണിയനുകളും പണിമുടക്കു് നോട്ടീസുകളും നൽകിക്കഴിഞ്ഞിട്ടുണ്ടു്.

ചൈനീസ് എംബസി റംഗൂണിൽ

[പി. ടി. ഐ] റംഗൂൺ ഏ. 4

ചൈനീസ് പ്രധാനമന്ത്രി ചൌ എൻ ലായി ഇന്നലെ വൈകുന്നേരം ഇവിടെ എത്തി.

ബ്രിട്ടീസ് വിമാനവിഭാഗത്തിൻറെ ചെയർമാൻ നീവിൻ ബ്രൈമായി അദ്ദേഹം സംഭാഷണം നടത്തുന്നുണ്ടു്.

വിമാനത്താവളത്തിൽവെച്ചു് ജനറൽ നീവിൻ ചൌ എൻ ലായിയെ സ്വീകരിച്ചു.

....

യൂറോപ്യൻഐക്യംസമാധാനത്തിനു് മുതൽക്കൂട്ട്

പോൾ മാർപ്പാപ്പ

(വത്തിക്കാൻ പി)

വത്തിക്കാൻസിറ്റി, ഏ 4

യൂറോപ്പിനെ ഏകീകരിക്കുന്നതിനുള്ള ഏതൊരു നീക്കവും ലോകസമാധാനത്തിനു് ഒരു പ്രമുഖ മുതൽക്കൂട്ടായിരിക്കുമെന്നു് പോൾ മാർപ്പാപ്പയിരുന്നേനി യൂറോപ്യൻ സാമ്പത്തിക-സാമൂഹ്യകൗൺസിൽ അംഗങ്ങളോടു് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. യൂറോപ്യൻ സാമ്പത്തിക സമൂഹത്തിനെറയാണു് ഈ കൌൺസിൽ.

പുരോഗതിയുടെ വീഥിയിലുള്ള വിലങ്ങുതടികൾ നീക്കണം

ഉദ്യോഗസ്ഥ സമ്മേളനത്തിൽ ഗവർണ്ണർ ജെയിൻ

(പി. ടി. ഐ.) തിരു. ഏ. 4

തങ്ങളുടെ ഉത്തരവാദിത്വം ശരിയായി നിർവ്വഹിക്കുന്നതിനും സംസ്ഥാനത്തെ സമാധാനപരമായ അന്തരീക്ഷത്തിനേറയും പുരോഗതിയുടേയും മാർഗ്ഗത്തിനു് വിലങ്ങുതടിയായി യാതൊന്നും ഉണ്ടാവാതിരിക്കുന്നതിനും ജില്ലാ ഉദ്യോഗസ്ഥന്മാർക്കിടയിൽ പൂർണ്ണമായ സഹകരണവും സമന്വയഭാവവും വളർത്തേണ്ടതിനേറ ആവശ്യകത കേരള ഗവർണ്ണർ എ. പി. ജെയിൻ ഇന്നിവിടെ ഉന്നിപ്പറഞ്ഞിരിക്കുന്നു.

രാജഭവനിൽ വിളിച്ചുകൂട്ടിയ കലക്ടർ മാരുടേയും റവന്യൂ ബോഡംഗങ്ങളുടേയും സമ്മേളനത്തിൽ ഗവർണ്ണർ പ്രസംഗിക്കുകയായിരുന്നു. അഡൈവസർ പ്രസാദം ചീഫ് സെക്രട്ടറി പട്നായ്ക്കു സമ്മേളനത്തിൽ സംബന്ധിച്ചു.

കനത്ത ഭക്ഷണക്ഷാമം അനുഭവപ്പെട്ട ഈസംസ്ഥാനത്ത് ഭക്ഷ്യപ്രശ്നം കൈകാര്യംചെയ്ത രീതിയിൽ ഗവർണ്ണർ പൊതുവിൽ സംതൃപ്തി പ്രകടിപ്പിച്ച എന്നു് സമ്മേളനാനന്തരം പുറപ്പെടുവിച്ച ഔദ്യോഗിക പത്രക്കുറിപ്പിൽ പറയുന്നു. കാർഷിക പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനു് ആവശ്യമായ ധനവും മറേറപ്പാടുകളും സമ്പാദിക്കുവാൻ ശ്രമിക്കുമെന്നു് ഗവർണ്ണർ പറയുകയുണ്ടായി. ഭക്ഷണം, വ്യവസായിക വികസനം, ക്രമസമാധാനപരിപാലനം എന്നീ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടും ഈ പ്രശ്നങ്ങൾ ഓരോ ജില്ലയിലും ഏതുതരത്തിൽ ഇരിക്കുന്നു എന്നതിനെ സംബന്ധിച്ചും സമ്മേളനം വിശദമായി ചർച്ചചെയ്യുകയുണ്ടായി.

ഉന്നിത്താൻ നിര്യാതനായി

(സ്വ. ലേ) തിരുവനന്തപുരം ഏ. 4

മുൻ തിരുവിതാംകൂറിലെ ഫഫീഷേററിങ്ങ് ദിവാനായിരുന്ന പി. ജി. എൻ. ഉണ്ണിത്താൻ [67] ഹൃദയസ്തംഭനംമൂലം ഇന്നു് രാവിലെ നിര്യാതനായി.

തിരുവിതാംകൂറിനു് ചെലവിട്ടുള്ള സേവനങ്ങളെ പരസ്യരിച്ചു് തിരുവിതാംകൂർ മഹാരാജാവു് 'രാജസേവാ പ്രവീണ' എന്ന സ്ഥാനം ഇദ്ദേഹത്തിനു് നൽകിയിട്ടുണ്ടു്.

ഗോതമ്പുകപ്പലുകൾ വന്നുതുടങ്ങി

[പി. ടി. ഐ] ബോംബെ ഏ. 4

16464 ടൺ അമേരിക്കൻ ഗോതമ്പുമായി ഒരമേരിക്കൻ ടാങ്കർ ഇന്നു ബോംബെ തുറമുഖത്തെത്തിത്തു. അമേരിക്കൻ തുറമുഖത്തെത്തിച്ചുള്ള ഇന്ത്യൻ തുറമുഖങ്ങൾ 8 ലക്ഷം ടൺ ഗോതമ്പ് ഇറക്കുമതിചെയ്യുമെന്നു് ബോംബെയിലെ ഷിപ്പുകമ്പനി പ്രസ്താവിച്ചു. അതിൻറെ ഭൂരിഭാഗവും അമേരിക്കയിൽനിന്നുതന്നെയാണു്.

അഹിന്ദിക്കാർ ഐക്യമുന്നണിയാകണമെന്നു് അണ്ണാദുരൈ

[പി. ടി. ഐ] മധുര ഏ. 4

ഹിന്ദി ഔദ്യോഗികഭാഷയാക്കുന്നതിനെതിരായി അഹിന്ദിപ്രദേശങ്ങളും തമ്മിൽ ഒരു ഐക്യമുന്നണിയുണ്ടാക്കുന്ന കാര്യത്തിൽ ഒരു ധാരണയുണ്ടാവേണ്ടതാവശ്യമാണെന്നു് ദ്രാവിഡമുന്നേറ്റ കഴകം ജനറൽ സെക്രട്ടറി സി. എൻ. അണ്ണാദുരൈ എം. പി. ഉന്നിപ്പറഞ്ഞിരിക്കുന്നു. ഈ ഐക്യം വേഗത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു എന്നും അതു് വിദ്യാർത്ഥികളിൽനിന്നാണു് ആരംഭിക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡി. എം. കെ.യുടെ ഒരു പ്രത്യേക സമ്മേളനത്തെ അഭിസംബോധനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹിന്ദി ഔദ്യോഗികഭാഷയാക്കുന്ന കാര്യത്തിൽ ഗവണ്മെന്റുകൾ മാത്രമല്ല, ഹിന്ദി സംസാരിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളും തമ്മിൽ ഇതരഭാഷാപ്രദേശങ്ങൾ, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ നാലു് സംസ്ഥാനങ്ങളിലെ ജനങ്ങളും തമ്മിലും യോജിപ്പുണ്ടാകണമെന്നാണു് അണ്ണാദുരൈ പറഞ്ഞതു.

ഈ പ്രശ്നത്തിൽ ഹിന്ദി സംസാരിക്കാത്ത സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിൽ ഇത്തരമൊരു ഐക്യം ഉളവായികണ്ടാൽത്തന്നെ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ഇംഗ്ലീഷ് തുടരുന്ന കാര്യത്തിൽ മദ്രാസ് സംസ്ഥാനം എടുത്തനിലപാടല്ല ആന്ധ്രയും മൈസൂരും അംഗീകരിച്ചതു്. ഇതുവരെയുള്ള നിലപാടിനെ ക്ഷണിച്ചിട്ടുണ്ടു്.

നാലു സംസ്ഥാനങ്ങളും തമ്മിൽ യോജിപ്പുണ്ടാക്കുന്ന കാര്യത്തിൽ മദ്രാസ്സംസ്ഥാനത്തെ വിദ്യാർത്ഥികൾ മുൻകയ്യെടുക്കണമെന്നു് അണ്ണാദുരൈ നിർദ്ദേശിച്ചു. വിദ്യാർത്ഥികൾ അക്രമമാർഗ്ഗം ഉപേക്ഷിക്കണ കാരണം അക്രമം ഒരു പ്രശ്നത്തിനും പരിഹാരമല്ലെന്നും അദ്ദേഹം പറഞ്ഞു.

....

മാക്കോളാ ട്രോഫി

കുണ്ടറയും ആന്ധ്രയും സമനിലയിൽ

[സ്വ. ലേ.] ഏപ്രിൽ 4

ചാക്കോളാ ഗോൾഡ് ട്രോഫിക്കുവേണ്ടിയുള്ള പേലസ് സ്റ്റേഡിയത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഫുട്ബോൾ മത്സരത്തിൻറെ മൂന്നാംകപ്പാട്ടഫൈനലിൽ ആന്ധ്രപ്രദേശ് ഫുട്ബോൾ അസോസിയേഷനും അലിൻഡ് റിക്രയേഷൻ ക്ലബ്ബ് കുണ്ടറയും തമ്മിൽ ഏറെനേരം ഗോളൊന്നും വീഴ്ത്താതെ അടിച്ചു് സമനിലയിൽ പിരിഞ്ഞിരിക്കുന്നു.

കുണ്ടറയുടെ ആക്രമണം ആന്ധ്രയുടെ ഗോൾമുഖത്തു് ആരംഭിച്ചുതു്, റൈറ്റ്വിങ്ങിലൂടെ മുഹമ്മദ്യൂസഫ് പന്തുമായി മുന്നേറി, ലെഫ്റ്റ് ഇൻ സുൽഫിക്കറിനു് (ക്രോസ്സ്) നൽകിയെങ്കിലും അയാൾക്കു് അതു് പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല. ആന്ധ്രയുടെ റൈറ്റ്ഹാഫ് ശിവാസുബ്രഹ്മണ്യൻ സുൽഫിക്കറിൽനിന്നു് ആ പന്തു് നിപുണമായി തട്ടിയെടുത്തു് സ്ട്രൈക്ക് ആ പന്തുമായി ആന്ധ്രയുടെ പോസ്റ്റിലേക്കു് കുതിച്ച ഇരുപാലനും, ഹരിദാസും, ചെറിയാനും പാസ്സുകളിലൂടെ ആന്ധ്രയുടെ പോസ്റ്റിൽ തള്ളിക്കയറാൻ തുടങ്ങി.

ആന്ധ്രയുടെ സെൻറർ ബേക്ക് ത്രിനിവൻ യൂസഫ്ഖാൻ നടന്ന വിഷമിച്ചു. പന്തുകൊണ്ടു പോസ്റ്റിൽനിന്നും അടിച്ചുകയറാൻ സാധിക്കുന്നില്ല. എട്ടുപത്തു മിനിറ്റുനേരത്തോളം കേരളത്തിൻറെ കേസരികോം ആന്ധ്രയുടെ പോസ്റ്റിൽ ഗർജ്ജനങ്ങൾതന്നെ നടത്തി. പല നല്ല അവസരങ്ങളും അവർക്കു നഷ്ടപ്പെട്ടു. 10-ാമത്തെ മിനിറ്റിൽ കുണ്ടറക്കാർക്കു് ഒരു കോർണ്ണർകിക്കുലഭിച്ചു കാസ്റ്റിൻ ഒക്സ്സിനും ആ പന്തുകിട്ടി. പക്ഷെ ആന്ധ്രയുടെ യൂസഫ്ഖാൻ റൈറ്റിനെ തള്ളിമാറിക്കൊണ്ടു് ആ പന്തുരക്ഷിച്ചു. 13-ാമത്തെ മിനിറ്റിൽ പന്തു് കുണ്ടറയുടെ പോസ്റ്റിലേക്കെത്തുമ്പിക്കയറി റൈറ് ഇൻ ശ്രീനിവാസ് തൻറെ നിലപാടിൽനിന്നുകൊണ്ടു് നീട്ടിത്തന്നെ പാസ് ചെയ്യുമുന്നോറി. പക്ഷെ ഫലമുണ്ടായില്ല. കുണ്ടറയുടെ ലെഫ്റ്റ്റ് ബേക്ക് രാധാകൃഷ്ണൻ മിന്നൽവേഗത്തിൽ വന്നിരുന്ന ശ്രീനിവാസനെ കടത്തിവിട്ടില്ല. പന്തു വീണ്ടും ആന്ധ്രയുടെ പോസ്റ്റിലോട്ടെത്തിച്ചെന്നതു് പാഞ്ഞെത്തിയ ആന്ധ്രയുടെ ലെഫ്റ്റ്റ്ഔട്ടു് ഹരിദാസ് പന്തുമായി പറന്നു്, ആന്ധ്രയുടെ റൈറ്റ്ഹാഫ് സാമുവേലിനെ വെട്ടിച്ചു ചെറിയാനു കൊടുത്തു. ചെറിയാൻ യൂസഫ്ഖാനെ വെട്ടിച്ചു് വീണ്ടും ഹരിദാസിനു കൊടുത്തു, ഹരിദാസ് റൈറ്റ് ബാക്കുകൾക്കിടയിലൂടെ വെട്ടിച്ച ഗോളടിക്കുമെന്നായി, പക്ഷെ കർത്താവിനെ ഹരിദാസിനെ വിടിച്ചുനിറുത്തി ഗോളം രക്ഷിച്ചു. കാണികൾ അരിശംപൂണ്ടവരായി കാണപ്പെട്ടു.

18-ാമത്തെ മിനിറ്റിൽ സ്ട്രൈക്ക് പന്തുമായി മുന്നേറി. മൂന്നുപേരെ മറിച്ചുകൊണ്ടു് ഇരുപാലനു കൊടുത്തു, ഇരുപാലൻ ആ പന്തു് അവരുടെ റൈറ്റ് ഔട്ടു് ജോർജ്ജിനു് കൊടുത്തു, ജോർജ്ജ് ഒന്നാന്തരമായടിച്ചു് അവരുടെ ഗോൾനേടി.

കളി ആവേശത്തിൽ നിന്നു് ആവേശത്തിലേക്കു കത്തിച്ചു. കുണ്ടറക്കാക്ക് അതിനു മുമ്പില്ലാത്ത ഒരു പ്രാശസ്ത്യലഭിച്ചുപോലെതോന്നി, പിന്നെ ആന്ധ്രയുടെ പോസ്റ്റിലേക്കു പന്തുകയറാതായി തുടങ്ങി. ചെറിയാനു 22-ാമത്തെ മിനിറ്റിൽ നല്ലൊരു ചാൻസു ലഭിച്ചു. തുടർന്നു് 30-ാമത്തെ മിനിറ്റിൽ സ്ട്രൈക്കിനു ഒരു സുവർണ്ണാവസരംകിട്ടി, യൂസഫ്ഖാൻ അതു അടിപ്പിക്കാതെതോക്കി, അതൊരു കോർണറായികിട്ടി. 33-ാമത്തെ മിനിറ്റിൽ ആന്ധ്രക്കും ഒരു കോർണർകിക്ക്ലഭിച്ചു. ഒന്നുംസംഭവിച്ചില്ല. രണ്ടാംപകുതിയുമതെ കണ്ടാ ലീഡു ചെയ്തുകൊണ്ടവസാനിച്ചു.

രണ്ടാംപകുതിയിലും കുണ്ടറക്കാർക്കു് ഒന്നിതരായി കണ്ടില്ല. നല്ലപോലെ കാടിക്കളിച്ചിരുന്നു. ഓളിമ്പിയന്മാർ പകച്ചുപോലെ കാണപ്പെട്ടു. 9-ാമത്തെ മിനിറ്റിൽ ആന്ധ്രക്കു് ഒരു കോർണർകിക്കുകിട്ടി, കാര്യമായില്ല. 10-ാമത്തെ മിനിറ്റിൽ ജോർജ്ജിനു മറ്റൊരു ചാൻസുകൂടി കിട്ടി, ജോർജ്ജ് ഹാഫ്ടൈമിനു ശേഷം പൊസിഷൻമാറി റൈറ്റ്ഇൻ കളിച്ചുതുടങ്ങി, ആന്ധ്രക്കാരുടെ യൂസഫ്ഖാൻ മുൻനിരയിലേക്കു കയറി കളിക്കാൻ തുടങ്ങി, ഏതുവിധത്തിലെങ്കിലും ഗോളം വീട്ടണമെന്ന മട്ടായി. 15-ാമത്തെ മിനിറ്റിൽ സുൽഫിക്കറിനു ഒരു നല്ല ഷോൺസ് കിട്ടി. അതുനന്നായി അടിച്ച ആ ഉരുക്കോറിയ പന്തു ഗോളി കൃഷ്ണൻനായർ അങ്ങനെ അത്ഭുതകരമായി പിടിച്ചു.

16-ാമത്തെ മിനിറ്റിൽ വീണ്ടും പന്തു് ആന്ധ്രയുടെ പോസ്റ്റിലെത്തി. കുണ്ടറക്കു് ഒരു കോർണർകിക്കുകിട്ടി. കാര്യമായില്ല, യൂസഫ്ഖാൻ ആ പന്തു് റൈറ്റ്ചെയ്തു രക്ഷിച്ചു. വീണ്ടും മിനിറ്റിൽ പന്തു കുണ്ടറയുടെ പോസ്റ്റിലേക്കു പാഞ്ഞു. കുണ്ടറയുടെ പോസ്റ്റിൽ തുരുതുരാ ആക്രമണം നടത്തിയുടങ്ങി, സുൽഫിക്കറും, മുൻനിരക്കാരായ സത്യനാരായണനും, ശ്രീനിവാസും, സുബ്ബനും, യൂസഫ്ഖാനുപോലും പിൻനിരക്കാരായ യൂസഫ്ഖാനും സാമുവേലും കുണ്ടറയുടെ പോസ്റ്റിൽകിടന്നു് പൊരിഞ്ഞുകളിച്ചു. ഇക്കൂറി കുണ്ടറക്കാർ കന്നമ്പരന്നു, കുണ്ടറക്കാരുടെ ലക്ഷ്യങ്ങളും തെറ്റിയിരുന്നു.

അഹിന്ദിക്കാർ ഐക്യമുന്നണിയാകണമെന്നു് അണ്ണാദുരൈ

[പി. ടി. ഐ] മധുര ഏ. 4

ഹിന്ദി ഔദ്യോഗികഭാഷയാക്കുന്നതിനെതിരായി അഹിന്ദിപ്രദേശങ്ങളും തമ്മിൽ ഒരു ഐക്യമുന്നണിയുണ്ടാക്കുന്ന കാര്യത്തിൽ ഒരു ധാരണയുണ്ടാവേണ്ടതാവശ്യമാണെന്നു് ദ്രാവിഡമുന്നേറ്റ കഴകം ജനറൽ സെക്രട്ടറി സി. എൻ. അണ്ണാദുരൈ എം. പി. ഉന്നിപ്പറഞ്ഞിരിക്കുന്നു. ഈ ഐക്യം വേഗത്തിൽ ഉണ്ടാവേണ്ടിയിരിക്കുന്നു എന്നും അതു് വിദ്യാർത്ഥികളിൽനിന്നാണു് ആരംഭിക്കേണ്ടതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഡി. എം. കെ.യുടെ ഒരു പ്രത്യേക സമ്മേളനത്തെ അഭിസംബോധനം ചെയ്യുകയായിരുന്നു അദ്ദേഹം. ഹിന്ദി ഔദ്യോഗികഭാഷയാക്കുന്ന കാര്യത്തിൽ ഗവണ്മെന്റുകൾ മാത്രമല്ല, ഹിന്ദി സംസാരിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങളും തമ്മിൽ ഇതരഭാഷാപ്രദേശങ്ങൾ, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ നാലു് സംസ്ഥാനങ്ങളിലെ ജനങ്ങളും തമ്മിലും യോജിപ്പുണ്ടാകണമെന്നാണു് അണ്ണാദുരൈ പറഞ്ഞതു.

ഈ പ്രശ്നത്തിൽ ഹിന്ദി സംസാരിക്കാത്ത സംസ്ഥാനങ്ങളിലെ ജനങ്ങൾ തമ്മിൽ ഇത്തരമൊരു ഐക്യം ഉളവായികണ്ടാൽത്തന്നെ അദ്ദേഹം ഖേദം പ്രകടിപ്പിച്ചു. ഇംഗ്ലീഷ് തുടരുന്ന കാര്യത്തിൽ മദ്രാസ് സംസ്ഥാനം എടുത്തനിലപാടല്ല ആന്ധ്രയും മൈസൂരും അംഗീകരിച്ചതു്. ഇതുവരെയുള്ള നിലപാടിനെ ക്ഷണിച്ചിട്ടുണ്ടു്.

നാലു സംസ്ഥാനങ്ങളും തമ്മിൽ യോജിപ്പുണ്ടാക്കുന്ന കാര്യത്തിൽ മദ്രാസ്സംസ്ഥാനത്തെ വിദ്യാർത്ഥികൾ മുൻകയ്യെടുക്കണമെന്നു് അണ്ണാദുരൈ നിർദ്ദേശിച്ചു. വിദ്യാർത്ഥികൾ അക്രമമാർഗ്ഗം ഉപേക്ഷിക്കണ കാരണം അക്രമം ഒരു പ്രശ്നത്തിനും പരിഹാരമല്ലെന്നും അദ്ദേഹം പറഞ്ഞു.

....

നാംഗ്യാലിനെ സിക്കിംരാജാവായി അഭിഷേകം ചെയ്തു

[പി. ടി. ഐ] ഗാങ്ങ്ടോക്ക് ഏ. 4

കുന്നരമണിക്കൂർ നീണ്ടുനിന്ന ബുദ്ധമത ചടങ്ങുകളോടെ സിക്കിമിലെ ചോഗ്യാൽ പാൽഡൻ തോജപ്പ് നാംഗ്യാൽ ഈ ഹിമാലയൻ രാജ്യത്തിൻറെ രാജാവായി ഇന്നു് അഭിഷിക്തനായി.

നാംഗ്യാൽ വംശത്തിലെ പന്ത്രണ്ടാമത്തെ രാജാവായ ഭൂദേഹത്തിൻറെ പട്ടാഭിഷേകചടങ്ങുകളിൽ നയതന്ത്രപ്രതിനിധികളും, വിദേശങ്ങളിൽനിന്നുള്ള വിശിഷ്ടവ്യക്തികളും പങ്കുകൊള്ളുകയുണ്ടായി. ഇന്ത്യൻ പ്രതിനിധിസംഘത്തെ നയിച്ചതു് വിദേശകാര്യ സ്റ്റെയിറ്റ്മന്ത്രി മിസിസ്സ് ലക്ഷ്മിമേനോനാണു്. സംഘത്തിൽ വാർത്താവിതരണമന്ത്രി മിസിസ്സ് ഇന്ദിരാഗാന്ധിയും ഉണ്ടായിരുന്നു.

....o....

കിഴക്കൻ സിക്കിമിനെ ആസ്സാമുമായി ബന്ധപ്പെടുത്തി

പുതിയറോഡിൻറെ ഉൽഘാടനം

കല്യംപോങ്ങ് ഏ. 4

കിഴക്കൻ സിക്കിമിനെ ആസ്സാം സമതലങ്ങളുമായി ബന്ധിക്കുന്നതും 57 കിലോമീറ്റർ ദൂരമുള്ളതുമായ അഹംഹാര ഗൊരുബന്ധൻ റോഡ് ഇന്നു് അൽഫാബാസാറിൽവെച്ചു് ഉൽഘാടനം ചെയ്തു.

23-ാമത്തെ മിനിറ്റിൽ സുൽഫിക്കറിനു നല്ലൊരു ചാൻസ് ലഭിച്ചു. കുണ്ടറയുടെ ലെഫ്റ്റ്റ് ഹാഫ് നീലകണ്ഠൻ സുൽഫിക്കറെ പിടിച്ചുനിറുത്തി. സുൽഫിക്കറിനു ഗോളടിക്കാൻ കഴിഞ്ഞില്ല. പന്തുപോയപ്പോൾ ലെഫ്റ്റിയൻ സുൽഫിക്കർ നീലകണ്ഠനെ പറ്റിച്ചില്ലാതെ ചവുട്ടി. അധികം താമസിയാതെ വാശിയേറിയ കളിനടന്നു. ഓരോ നിമിഷവും തുടിച്ചിങ്ങായിരുന്നു. കാണികൾ ആകാംക്ഷയോടെ ഉറക്കെനോക്കിക്കൊണ്ടിരുന്നു. എന്തുംസംഭവിക്കാവുന്ന നിമിഷങ്ങൾ. പന്തു് ഒരു പോസ്റ്റിൽനിന്നു മറ്റൊരു പോസ്റ്റിലേക്കു മിന്നൽവേഗത്തിൽ മാറിക്കൊണ്ടിരുന്നു. 25-ാം മിനിറ്റിൽ ആന്ധ്രയുടെ റൈറ്റ് ഇൻ ശ്രീനിവാസ് പന്തുമായി മുന്നേറി, നീലകണ്ഠൻ തടഞ്ഞുനിറുത്തിയെങ്കിലും യൂസഫ്ഖാനു കിട്ടി, യൂസഫ്ഖാൻ ആ പന്തു് മറിച്ചു് അവരുടെ ലെഫ്റ്റ്റ്ഔട്ടു് സുബ്ബനു കൊടുത്തു് സുബ്ബൻ പോസ്റ്റിൽവെച്ചതന്നെ നന്നായടിച്ചു് അവരുടെ ഗോളാക്കി.

26-ാമത്തെ മിനിറ്റിൽ കുണ്ടറക്കാക്ക് ഒരു കോർണർകിക്കുകിട്ടി. അതൊരു നല്ല ചാൻസായി രൂപാന്തരപ്പെട്ടു് ആന്ധ്രയുടെ പോസ്റ്റിൽ ഒരു മരണപരാക്രമംതന്നെ നടന്നു. എന്തും സംഭവിക്കാവുന്ന നിമിഷങ്ങൾ, യൂസഫ്ഖാൻ ആ പന്തും രക്ഷിച്ചു.

31-ാമത്തെ മിനിറ്റിൽ കുണ്ടറയ്ക്കു മറ്റൊരു കോർണർകിക്കുകിട്ടി. പക്ഷെ കാര്യമായില്ല. 31-ാമത്തെ മിനിറ്റിൽ ആന്ധ്രക്കാക്കും ഒരു കോർണർകിക്കുകിട്ടി, എന്നാൽ ആന്ധ്രക്കാർ കോർണർകിക്കുകഴം പോസ്റ്റിലേക്കു ശരിക്കടിച്ചിരുന്നില്ല. 32-ാമത്തെമിനിറ്റിൽ ആന്ധ്രയുടെ റൈറ്റ്ഔട്ടു് യൂസഫ് പന്തുമായികയറി, ലെഫ്റ്റ്റ് കൂട്ടു് സുബ്ബനു ക്രോസ്ചെയ്യുകൊടുത്തു. സുബ്ബൻ വീണ്ടും വലത്തോട്ടടിച്ചു് റൈറ്റ്ഇൻ ശ്രീനിവാസ് ഒന്നാന്തരമായി ഷോട്ട് കൊടുത്തു. ഗോളായി എന്നു് എല്ലാവരും ധരിച്ചു്, പക്ഷെ ബാറിൽ തട്ടി ഗോളിക്കു കിട്ടി. അങ്ങനെ ആ നല്ല ഷോൺസ് പോയി. അവസാനനിമിഷംവരെ ഇരുകൂട്ടരും പൊരിഞ്ഞകളിച്ചു. റഫറി ഹരി. ഇന്നും ഒരു സമനിലയുണ്ടായിക്കാണാൻ കൊതിച്ചിരുന്നെന്നു ത

ഉറങ്ങുന്ന സൌന്ദര്യം

—വിവ: കമലാസനൻ—

പത്തു് വയസ്സു് പ്രായമായ സൌന്ദര്യവതിയായ ഒരു കുട്ടിയുടെ ഇന്നേക്ക അമ്മുകൊല്ലത്തോളം തുടച്ചുയായുള്ള ഉറക്കം തീക്കാനുള്ള സംമ്രേത്തിൽ തോറേ പിന്മാറേണ്ടിവന്ന ഡ ക്ടർമാർ ഏതാണ്ടു് ഒരു ലക്ഷം കുടുംബാളോടു് ആ കുട്ടിക്കുവേണ്ടി പ്രാത്ഥന നടത്തുവാൻ അഭ്യർത്ഥിച്ചിരിക്കുന്ന ഒരു സംഭവം ഇംഗ്ലണ്ടിൽ ഉണ്ടായതായി റിപ്പോർട്ട ചെയ്തു കാണുന്നു. പ്രാത്ഥനയിൽ കൂടെ ഒരു അതിശയം നടക്കുന്നുണ്ടെങ്കിൽ അതു് ഗില്യയിനിറെ ഉണർൽ മാത്രമായിരിക്കുമെന്നു് ഈ സംഭവം അറിഞ്ഞ ഓരോരുത്തക്കും ബോദ്ധ്യമാണു്.

1959—ൽ ലിവർപൂളിൽ സ്വവസതിക്കു സമീപം ഒരു കാറുമുട്ടിവീണ സൌന്ദര്യവതിയായ ഗില്യയിൻബൊന്നാഹ് വൈദ്യശാസ്ത്രത്ത വെല്ലുവിളിച്ചുകൊണ്ടു കഴിഞ്ഞ അമ്മുവത്സരമായി സംജീവിതത്തിനു് ഒരു അപവാദമായി തുടരേ ഉറങ്ങുകയാണു്.

അമ്മു വയസ്സുണ്ടായിരുന്ന ആ പെൺകുട്ടി നാട്ടുകാരുടേയും അയൽവാസികളുടേയും കണ്ണിലുണ്ണിയും ബുദ്ധിമതിയും നല്ല വായനക്കുള്ള കസ്തുതികുട്ടിയും ആയിരുന്നു. സ്വന്തം മാതാപിതാക്കൾപോലും അവളു ബഹുമാനിച്ചിരുന്ന.

ലിവർപൂളിനു് പരിസരത്തുള്ള സ്വവസതിക്കു സമീപം കൂട്ടുകാരുമായി തുള്ളിച്ചാടി കളിച്ചുകൊണ്ടിരിക്കേയാണു് സംഭവം നടന്നതു്. കാറുമുട്ടി വീണ ഉടൻതന്നെ മൌണ്ടു് ഒലീവു് ആശുപത്രിയിൽ അവളെ കൊണ്ടുപോയി. അവിടെ ഡാക്ടർമാരും നേർസുകളും ആംബുലൻസും കാത്തു് നില്ക്കുകയായിരുന്നു. രാപകലെന്യേ അവളെരക്ഷിക്കുവാൻ അവർ കിണഞ്ഞു് ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ ഇപ്പോൾ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും കഴിഞ്ഞിരിക്കുന്നു. അവൾ ഇന്നും അബോധാവസ്ഥയിലാണു് തലയിൽ ഏറ്റിരുന്ന മുറിവുകളായിരിക്കാം ഇതിനു് കാരണമെന്നു് സംശയിക്കപ്പെടുന്നു.

തുറന്ന കണ്ണുകളുമായി നിശ്ചലമായി കിടക്കുന്ന ഗില്യയിലെ കാണാൻ ലോകത്തിലെ പലേ ഭാഗങ്ങളിൽനിന്നും ഡാക്ടർമാർ ആ ആശുപത്രി സന്ദർശിച്ചുകൊണ്ടേയിരിക്കുന്നു.

അവിടെ വളരെയധികം ഇഷ്ടപ്പെട്ടിരുന്ന നാനാജാതി കളിപ്പാട്ടങ്ങളും, വിശിഷ്യ അവളുടെ അച്ചൻ സമ്മാനിച്ചിരുന്നതും എല്ലാറിലുമുപരി ചന്തമുള്ളതുമായ [illegible] ആ സാധനങ്ങളിൽ അവളുടെ [illegible] കിണഞ്ഞു ശ്രമിക്കുന്നു. ആശക്കം വക [illegible]

ഇതുപോലെ നീണ്ടകാലയളവിൽ ഒരേ ഒരു പ്രാവശ്യം അവളിൽ ഒരു പ്രത്യാശക്കുള്ള നിഴൽവീശി. രാത്രിയിൽ ഡ്യൂട്ടി [illegible] ഇതുപോലെ ഒരു കാറപകടത്തിൽപ്പെട്ടു് ഒരു പുരുഷനും, സ്ത്രീക്കും സാജന്യമായി വിദേശമാസികകളും തലികാസൂപ്രണ്ടുക്കളേയും ലഭിക്കുന്നതാണു്. ഓർഗനൈസിങ്ങ് സെക്രട്ടറി, ഇൻറർ നാഷണൽ പെൻ ഫ്രണ്ട്സ് 15/15, ബ വുഡ്ടൻ, കൊച്ചി — 2 എന്ന വിലാസത്തിലാണു് അപേക്ഷിക്കേണ്ടതു്.

(സ.ലേ)

ജീപ്പ് തടഞ്ഞുനിത്തിയ വക്ക്പതിപ്പത്ത്ക പിഴ

തൃശ്ശൂർ, ഏ 3

കഴിഞ്ഞ ഫെബ്രുവരി 28-ാംതു [illegible] വെള്ളാനിക്കര [illegible] ലെ സൂപ്രണ്ടു് ജോൺ ജീപ്പിൽ യാത്ര ചെയ്യുന്ന അവസരത്തിൽ ജീപ്പ് തടഞ്ഞുനിത്തി ജോണിനേയും മറ്റും കയ്യേറ്റത്തിനുമുതിർന്ന എന്നതിനു് കസ്റ്റംസ് ഇൻസ്പെക്ടർ ശ്രീ. ഉമ്മർ, കുമാരൻ എന്നിവരെ 10 കവീതം പിഴയടക്കുന്നതിനു ശിക്ഷിച്ചുകൊണ്ടു് സബ്ബ് ഡിവിഷനൽ മജിസ്ട്രേട്ട് വിധി പ്രസ്താവിച്ചിരിക്കുന്നു. ഈ കേസിലെ മറ്റൊരു പ്രതി ആലിഇപ്പോൾ ജോൺവധക്കേസ്സിലെ ഒന്നാം പ്രതിയെന്ന നിലയിൽ വിയ്യൂർ ജയിലിൽ കഴിഞ്ഞുവരികയാണു്. ആലിഭായ സംബന്ധിച്ചു് 8-ാംതു വിധി പ്രസ്താവിക്കുമെന്നു് കോടതി അറിയിച്ചു.

ഇൻറർ നാഷണൽ പെൻ ഫ്രണ്ട്സ്

കൊച്ചി, ഏ. 3

വിദേശ രാജ്യങ്ങളിലെ ജനങ്ങളുമായി സൌഹൃദം പുലർത്തുവാൻ സഹായിക്കുന്ന ഒരു അന്താരാഷ്ട്രസ്ഥാപനത്തിൻറെ ശാഖ ഇവിടെ ആരംഭിച്ചിരിക്കുന്നു. ഇതിലെ അംഗങ്ങളായി ചേരുന്ന ഏതൊരു സ്ത്രീപുരുഷന്മാർക്കും തങ്ങളുടെ എഴുത്തുകുത്തുകൾ വിദേശത്തുള്ള ഏതു സ്ത്രീപുരുഷന്മാരുമായി നടത്തുവാൻ സാധിക്കുന്നതാണു്. ഇതിനുവേണ്ടി പ്രത്യേക പ്രാത്ഥനകം നടക്കുന്നുണ്ടു്. മാനവസമുദായത്തിനു് സൌഹൃദ്ദിക്കാൻപോലും സാധിക്കാത്ത ഒരു അത്യാഹിതമാണു് ആ കുട്ടിക്കു് സംഭവിച്ചിരിക്കുന്നതെന്നും, ദൈവീക ശക്തിക്കു മാത്രമേ അവളെ രക്ഷിക്കുവാൻ സാധിക്കുള്ള എന്നും അതുകൊണ്ടാണു് എല്ലാപേരോടും പ്രാത്ഥിക്കാൻ ആവശ്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

അവളുടെ അച്ചനമ്മമാർ കഴിഞ്ഞ അമ്പതുകല്ലുമായി ഇന്നു്, നാളെയെന്നോണം മകളുടെ ഓമശക്തി തിരിച്ചുകിട്ടുമെന്നുള്ള പ്രതീക്ഷയുടെ കഴിയുകയാണു്. അബോധാവസ്ഥയിൽ കിടക്കുന്ന മകൾക്കവേണ്ടി ഓരോ ജന്മനാളിലും കളിക്കോപ്പുകളും, ക്രിസ്തുമസ്സുകളിൽ വിചിത്രവസ്ത്രങ്ങളും വാങ്ങി ഇപ്പോഴും സൂക്ഷിക്കുന്നുണ്ടു്. അങ്ങനെ പഴയതുപോലെ, ഒരു ദിവസം അവൾ ഉണരുന്നുണ്ടെന്നുള്ള വിശ്വാസം അവക്കിപ്പോഴുണ്ടു്. ആ മഹത്തിമാക്കു് ലോകത്തിൻറെ എല്ലാ ഭാഗത്തുനിന്നും ധാരാളം സന്ദേശങ്ങളും സമ്മാനങ്ങളും കിട്ടിക്കൊണ്ടേയിരിക്കുന്നു. ഗില്യയിൻ ഉണരുകയാണെങ്കിൽ തീർച്ചയായിട്ടും അവർക്കു് അവ ഓരോന്നും ഓരോ അത്ഭുതങ്ങളായിത്തീരുന്നതാണു്.

ഈ സംഭവത്തിനുമുമ്പു് ലോകത്തിൽ ഇതുപോലെ നീണ്ട ഉറക്കം ഉണ്ടായിട്ടില്ലെന്നും എന്നാൽ ഉണ്ടായിട്ടുള്ളവയൊന്നും തന്നെ ഇത്രമായിട്ടു് താരതമ്യപ്പെടുത്താൻ പോലും പര്യാപ്തമായിട്ടുള്ളവയുല്ലെന്നും അവളെ അസ്വസ്തയിൽ പ്രവേശിപ്പിച്ചിട്ടുള്ള മുൽ ശ്രമിച്ചിരുന്ന ഒരു ഡാക്ടർ വെളിപ്പെടുത്തി. മാത്രമല്ലാ അവർക്കു് യാതൊരു വളച്ചിയും ഉണ്ടായിരുന്നില്ലെന്നും എന്നാണു് മരണപ്പെട്ട നിലയിലെ അവർക്കു് അത്യയും ദിവസം അതിജീവിക്കാൻ സാധിച്ചുള്ളുവെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ സാധാരണ കുട്ടികൾക്കുള്ള വളച്ചു് ഗില്യയിനിൽ കണ്ടുവരുന്നുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രേ. അവരാൽ ചെയ്യാൻ സാധിക്കാതെല്ലാം ചെയ്തുകഴിഞ്ഞുവെന്നും ഇനി സർവ്വശക്തനായ ദൈവത്തിനുമാത്രമേ അവളെ രക്ഷിക്കാൻ സാധിച്ചുള്ള എന്നും അദ്ദേഹം പറഞ്ഞു. നുക്കു് ആ കൊച്ചു സുന്ദരിക്കുവേണ്ടി പ്രാത്ഥിക്കാം.

——

മട്ടാഞ്ചേരിയിൽ കോളറ പിടിപെട്ടു് 6 പേർ മരണമടഞ്ഞു

രോഗം നിയന്ത്രണാതീതമായി പെരുകുകയാണെന്നു്

മട്ടാഞ്ചേരി ഏപ്രിൽ 4

മട്ടാഞ്ചേരി നഗരത്തിൽ ഈയിടെയായി ആവു് കോളറാമരണങ്ങൾ സംഭവിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടന്നു.

നഗരത്തിലും പരിസരപ്രദേശങ്ങളിലും കോളറ നിയന്ത്രണാതീതമായി പെരുകിക്കൊണ്ടിരിക്കുകയണെന്ന റിപ്പോർട്ടുചെയ്യപ്പെടുന്നു. മഹാരാജാസ് ആസ്പത്രിയിൽ ഇന്നലെവരെ 89 രോഗികളെ ഈ രോഗബാധമൂലം പ്രവേശിപ്പിച്ചിട്ടുണ്ടു്. അവരിൽ 70 ഓളം പേർ രോഗവിമുക്തരായി ആസ്പത്രിവിട്ടു കഴിഞ്ഞു. 13 പേർ ഇപ്പോഴും ആസ്പത്രി പരിചരണത്തിലാണു്. 6 പേർ ഈ രോഗംമൂലം മരണമടയുകയുണ്ടായി.

ജനങ്ങളും സംഭീതരായാണു് കഴിയുന്നതു്. രോഗവിവരം പുറത്തുവിടാൻ നിയന്ത്രണവും ഇല്ലാതില്ല. ഇപ്പോഴും വിടുകളിൽ വിതരണം ചെയ്യപ്പെടുന്ന [illegible] തുടങ്ങിയ ഭക്ഷ്യധാന്യങ്ങളും [illegible] ലൂടെയാണു് രോഗം പടരുന്നതു് എന്നു് ആരോഗ്യവകുപ്പു് അധികൃതർ പറയുന്നു. രോഗത്തിൻറെ വളരെയധികം ഭീതിജനകമായ സ്ഥിതിവിശേഷമാണു് ഇപ്പോൾ നിലനിൽക്കുന്നതെന്നും ഇതിനെ ഫലപ്രദമായി നേരിടുന്നതിനു് ആസ്പത്രി അധികൃതർപോലും അഭിപ്രായപ്പെടുന്നുണ്ടു്. പല മതസ്ഥരും രോഗശാന്തിക്കുവേണ്ടി രാത്രികാലങ്ങളിൽ [illegible] കളും മറ്റു കാര്യങ്ങളും നടത്തിവരുന്നു.

....

ഇൻറർ നാഷണൽ പെൻ ഫ്രണ്ട്സ്

കൊച്ചി, ഏ. 3

വിദേശ രാജ്യങ്ങളിലെ ജനങ്ങളുമായി സൌഹൃദം പുലർത്തുവാൻ സഹായിക്കുന്ന ഒരു അന്താരാഷ്ട്രസ്ഥാപനത്തിൻറെ ശാഖ ഇവിടെ ആരംഭിച്ചിരിക്കുന്നു. ഇതിലെ അംഗങ്ങളായി ചേരുന്ന ഏതൊരു സ്ത്രീപുരുഷന്മാർക്കും തങ്ങളുടെ എഴുത്തുകുത്തുകൾ വിദേശത്തുള്ള ഏതു സ്ത്രീപുരുഷന്മാരുമായി നടത്തുവാൻ സാധിക്കുന്നതാണു്. ഇതിനുവേണ്ടി പ്രത്യേക പ്രാത്ഥനകം നടക്കുന്നുണ്ടു്. മാനവസമുദായത്തിനു് സൌഹൃദ്ദിക്കാൻപോലും സാധിക്കാത്ത ഒരു അത്യാഹിതമാണു് ആ കുട്ടിക്കു് സംഭവിച്ചിരിക്കുന്നതെന്നും, ദൈവീക ശക്തിക്കു മാത്രമേ അവളെ രക്ഷിക്കുവാൻ സാധിക്കുള്ള എന്നും അതുകൊണ്ടാണു് എല്ലാപേരോടും പ്രാത്ഥിക്കാൻ ആവശ്യപ്പെടുന്നതെന്നും അദ്ദേഹം പറഞ്ഞിരിക്കുന്നു.

അവളുടെ അച്ചനമ്മമാർ കഴിഞ്ഞ അമ്പതുകല്ലുമായി ഇന്നു്, നാളെയെന്നോണം മകളുടെ ഓമശക്തി തിരിച്ചുകിട്ടുമെന്നുള്ള പ്രതീക്ഷയുടെ കഴിയുകയാണു്. അബോധാവസ്ഥയിൽ കിടക്കുന്ന മകൾക്കവേണ്ടി ഓരോ ജന്മനാളിലും കളിക്കോപ്പുകളും, ക്രിസ്തുമസ്സുകളിൽ വിചിത്രവസ്ത്രങ്ങളും വാങ്ങി ഇപ്പോഴും സൂക്ഷിക്കുന്നുണ്ടു്. അങ്ങനെ പഴയതുപോലെ, ഒരു ദിവസം അവൾ ഉണരുന്നുണ്ടെന്നുള്ള വിശ്വാസം അവക്കിപ്പോഴുണ്ടു്. ആ മഹത്തിമാക്കു് ലോകത്തിൻറെ എല്ലാ ഭാഗത്തുനിന്നും ധാരാളം സന്ദേശങ്ങളും സമ്മാനങ്ങളും കിട്ടിക്കൊണ്ടേയിരിക്കുന്നു. ഗില്യയിൻ ഉണരുകയാണെങ്കിൽ തീർച്ചയായിട്ടും അവർക്കു് അവ ഓരോന്നും ഓരോ അത്ഭുതങ്ങളായിത്തീരുന്നതാണു്.

ഈ സംഭവത്തിനുമുമ്പു് ലോകത്തിൽ ഇതുപോലെ നീണ്ട ഉറക്കം ഉണ്ടായിട്ടില്ലെന്നും എന്നാൽ ഉണ്ടായിട്ടുള്ളവയൊന്നും തന്നെ ഇത്രമായിട്ടു് താരതമ്യപ്പെടുത്താൻ പോലും പര്യാപ്തമായിട്ടുള്ളവയുല്ലെന്നും അവളെ അസ്വസ്തയിൽ പ്രവേശിപ്പിച്ചിട്ടുള്ള മുൽ ശ്രമിച്ചിരുന്ന ഒരു ഡാക്ടർ വെളിപ്പെടുത്തി. മാത്രമല്ലാ അവർക്കു് യാതൊരു വളച്ചിയും ഉണ്ടായിരുന്നില്ലെന്നും എന്നാണു് മരണപ്പെട്ട നിലയിലെ അവർക്കു് അത്യയും ദിവസം അതിജീവിക്കാൻ സാധിച്ചുള്ളുവെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ സാധാരണ കുട്ടികൾക്കുള്ള വളച്ചു് ഗില്യയിനിൽ കണ്ടുവരുന്നുവെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമത്രേ. അവരാൽ ചെയ്യാൻ സാധിക്കാതെല്ലാം ചെയ്തുകഴിഞ്ഞുവെന്നും ഇനി സർവ്വശക്തനായ ദൈവത്തിനുമാത്രമേ അവളെ രക്ഷിക്കാൻ സാധിച്ചുള്ള എന്നും അദ്ദേഹം പറഞ്ഞു. നുക്കു് ആ കൊച്ചു സുന്ദരിക്കുവേണ്ടി പ്രാത്ഥിക്കാം.

——

സമുദ്ര ഗതാഗതത്തിൽ ഇന്ത്യ ഏഷ്യയിലെ രണ്ടാമത്തെ ശക്തി

രണ്ടാമത് ദേശീയ കപ്പൽ ഗതാഗതദിനം ഇന്നു് കൊച്ചിയിൽ ആഘോഷിക്കുന്നു

എറണാകുളം, ഏ. 4

രണ്ടാമതു് ദേശീയ കപ്പൽ ഗതാഗതദിനം ഏപ്രിൽ 5—ാം തു ഇന്ത്യയിലെ പ്രധാന ഷിപ്പിംഗ് കേന്ദ്രങ്ങളോടൊപ്പം കൊച്ചിയിലും ആഘോഷിക്കപ്പെടുന്നതാണു്.

നാടിൻറെ സമ്പദ്വ്യവസ്ഥയിൽ കപ്പലുടക്കപ്പെടുകളുടെ പ്രാധാന്യം ജനങ്ങളെ അനുസ്മരിപ്പിക്കുന്നതിനും രാജ്യത്തെ കപ്പൽഗതാഗതത്തിൻറെ പുരോഗതിയിലേയ്ക്കു് ശ്രദ്ധയാകർഷിക്കുന്നതിനും 1964—ലാണു് ഇന്ത്യയിൽ ദേശീയ കപ്പൽ ഗതാഗതദിനം ആഘോഷിച്ചുതുടങ്ങിയതു്. മിക്ക അഭിവൃദ്ധരാജ്യങ്ങളും ആണ്ടുതോറും ദേശീയ കപ്പൽഗതാഗതദിനം ആഘോഷിക്കാറുണ്ടു്. ജനങ്ങൾക്കിടയിൽ കപ്പൽ ഗതാഗതത്തിൻറെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനുള്ള പ്രത്യേകാവസരങ്ങളായി ഇവ പരിഗണിക്കപ്പെട്ടുപോരുന്നു.

ഇന്ത്യയുടെ കപ്പൽഗതാഗത ചരിത്രത്തിൽ പുനരുദ്ധാനത്തിനുവേണ്ടിയുള്ള ധീരമായ ശ്രമത്തിൻറെ ആരംഭം കുറിക്കുന്ന ഒരു നാഴികക്കല്ലിനെ ഓർമ്മിപ്പിക്കുന്നതുകൊണ്ടാണു് ദേശീയ കപ്പൽഗതാഗതദിനമായി ഏപ്രിൽ അഞ്ചു് തിരഞ്ഞെടുത്തിട്ടുള്ളതു്. റഷ്യൻ ആക്രമണത്തിനെതിരെ മഹാത്മാഗാന്ധി സത്യഗ്രഹപ്രസ്ഥാനം ആരംഭിച്ച 1919 ഏപ്രിൽ 5—ന- അദ്ദേഹത്തിൻറെ അനുഗ്രഹാശിസ്സുകളോടുകൂടി, എസ്. എസ്. ലോയൽറി എന്ന ഇന്ത്യൻ കപ്പൽ ബോംബെയിൽനിന്നു് ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടതോടുകൂടി ഇന്ത്യൻ ഷിപ്പിംഗിൻറെ നാഴികക്കല്ലുകൾ രജിസ്റ്റർ തുക്കപ്പെട്ടു. അങ്ങിനെ ആധുനിക ചരിത്രത്തിലാദ്യമായി ലോകസമുദ്രങ്ങളിൽ ഇന്ത്യയുടെ കൊടി പാറിപ്പറന്നു.

നാവികപാരമ്പര്യങ്ങളും

ഇന്ത്യയിലെ കപ്പൽ ഗതാഗതത്തിനു് ചരിത്രത്തോളംതന്നെ പഴക്കമുണ്ടു്. 30 ശതാബ്ദങ്ങൾക്കപ്പുറം നമ്മുടെ കച്ചവടക്കപ്പൽ സമൂഹം ലോകമൊട്ടുക്കു് ഈ രംഗത്തു് പ്രഥമസ്ഥാനം അലങ്കരിക്കുകയുണ്ടായി. സമുദ്രാന്തരവ്യാപാരത്തിൽ ഏർപ്പെട്ടിരുന്ന രാജ്യങ്ങളുടെയിടയിലും നമ്മുടെ പൂർവ്വികന്മാർ സാഹസികമനോഭാവത്തിനും സ്ഥിരോത്സാഹത്തിനും അനുപമമായ പ്രശസ്തിസമ്പാദിച്ചു.

നമുക്കു് സ്വാതന്ത്ര്യം നഷ്ടപ്പെടുകയും ഇവിടെ ബ്രിട്ടീഷ്ഭരണം സ്ഥാപിതമാകുകയുംചെയ്തതോടെ ഇന്ത്യൻ കപ്പൽ വ്യാപാരത്തിനും വ്യവസായത്തിനുംതുതരമായ ഇടിവുതട്ടി. അവയുടെ അക്കാലത്തെ [illegible] ചിത്രം [illegible] രങ്ങളുടെയും കഥയാണെന്നു പറയാം.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം

എന്നാൽ ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയതോടെ നമ്മുടെ ദേശീയ കപ്പൽ ഗതാഗതത്തിൻറെ വളച്ചിക്കും വികസനത്തിനും തികച്ചും അനുയോജ്യമായ പരിതസ്ഥിതികൾ രൂപംകൊണ്ടു. ചിൽക്കാലത്തു് അതു് അനുകൂലമായ വളർച്ച രേഖപ്പെടുത്തിപ്പോന്നിട്ടുണ്ടു്.

ഇന്ത്യൻ കപ്പലുകളുടെ ടണ്ണേജു് 1947—ൽ 192000 മാത്രമായിരുന്നതു് 1962 ആയപ്പോഴേയ്ക്കും ഇരു പത്തുലക്ഷത്തിലധികമായി. അങ്ങനെ ലോകത്തു് സമുദ്രവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യങ്ങളിൽ പ്രത്യേകമൊരു പദവിക്കു് അർഹതനേടിയെടുക്കുകയുംചെയ്തു. ഇതിനിടയ്ക്കാകുന്ന ലോകത്തെ പത്തൊമ്പതാമത്തെയും ഏഷ്യയിലെ രണ്ടാമത്തെയും രാജ്യമാണു് ഇന്ത്യ.

ഇന്ത്യൻ ഷിപ്പിംഗ്ടണ്ണേജു് ഇപ്പോൾ 14 ലക്ഷമായി വർദ്ധിച്ചിട്ടുണ്ടു്. മൂന്നാം പദ്ധതിയുടെ അവസാനം ഇതു് 25 ലക്ഷം ജി. ആർ. ടി. ആക്കുകയാണു് ലക്ഷ്യം. കൂടുതൽ ബഹിരാക്കു് കാരിയറുകളും സൂപ്പർടാങ്കുകളും ലൈനറുകളും ടാമുകളും മറവും ചേർത്തു് നമ്മുടെ കപ്പലുടക്കപ്പൽ സമൂഹത്തിൻറെ ഘടനയിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റവും ശ്രദ്ധേയമത്രേ.

കപ്പൽനിർമ്മാണം

കപ്പൽ നിർമ്മാണവും ഇന്ത്യയിൽ പുരോഗമിച്ചുവരുന്നു. വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡിൻറെ ശേഷി ഇരട്ടിയാക്കാനും കൊച്ചിയിൽ ഒരു കപ്പൽ നിർമ്മാണകേന്ദ്രം സ്ഥാപിക്കാനുമുള്ള തീരുമാനങ്ങളും വരുംകൊല്ലങ്ങളിൽ കപ്പൽനിർമ്മാണത്തിൽ സ്വയംപര്യാപ്തതനേടാനുള്ള സുപ്രധാന നടപടികളാണു്.

....

നാവികപാരമ്പര്യങ്ങളും

ഇന്ത്യയിലെ കപ്പൽ ഗതാഗതത്തിനു് ചരിത്രത്തോളംതന്നെ പഴക്കമുണ്ടു്. 30 ശതാബ്ദങ്ങൾക്കപ്പുറം നമ്മുടെ കച്ചവടക്കപ്പൽ സമൂഹം ലോകമൊട്ടുക്കു് ഈ രംഗത്തു് പ്രഥമസ്ഥാനം അലങ്കരിക്കുകയുണ്ടായി. സമുദ്രാന്തരവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യങ്ങളുടെയിടയിലും നമ്മുടെ പൂർവ്വികന്മാർ സാഹസികമനോഭാവത്തിനും സ്ഥിരോത്സാഹത്തിനും അനുപമമായ പ്രശസ്തിസമ്പാദിച്ചു.

നമുക്കു് സ്വാതന്ത്ര്യം നഷ്ടപ്പെടുകയും ഇവിടെ ബ്രിട്ടീഷ്ഭരണം സ്ഥാപിതമാകുകയുംചെയ്തതോടെ ഇന്ത്യൻ കപ്പൽ വ്യാപാരത്തിനും വ്യവസായത്തിനുംതുതരമായ ഇടിവുതട്ടി. അവയുടെ അക്കാലത്തെ [illegible] ചിത്രം [illegible] രങ്ങളുടെയും കഥയാണെന്നു പറയാം.

സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം

എന്നാൽ ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടിയതോടെ നമ്മുടെ ദേശീയ കപ്പൽ ഗതാഗതത്തിൻറെ വളച്ചിക്കും വികസനത്തിനും തികച്ചും അനുയോജ്യമായ പരിതസ്ഥിതികൾ രൂപംകൊണ്ടു. ചിൽക്കാലത്തു് അതു് അനുകൂലമായ വളർച്ച രേഖപ്പെടുത്തിപ്പോന്നിട്ടുണ്ടു്.

ഇന്ത്യൻ കപ്പലുകളുടെ ടണ്ണേജു് 1947—ൽ 192000 മാത്രമായിരുന്നതു് 1962 ആയപ്പോഴേയ്ക്കും ഇരു പത്തുലക്ഷത്തിലധികമായി. അങ്ങനെ ലോകത്തു് സമുദ്രവ്യാപാരത്തിൽ ഏർപ്പെട്ടിരിക്കുന്ന രാജ്യങ്ങളിൽ പ്രത്യേകമൊരു പദവിക്കു് അർഹതനേടിയെടുക്കുകയുംചെയ്തു. ഇതിനിടയ്ക്കാകുന്ന ലോകത്തെ പത്തൊമ്പതാമത്തെയും ഏഷ്യയിലെ രണ്ടാമത്തെയും രാജ്യമാണു് ഇന്ത്യ.

ഇന്ത്യൻ ഷിപ്പിംഗ്ടണ്ണേജു് ഇപ്പോൾ 14 ലക്ഷമായി വർദ്ധിച്ചിട്ടുണ്ടു്. മൂന്നാം പദ്ധതിയുടെ അവസാനം ഇതു് 25 ലക്ഷം ജി. ആർ. ടി. ആക്കുകയാണു് ലക്ഷ്യം. കൂടുതൽ ബഹിരാക്കു് കാരിയറുകളും സൂപ്പർടാങ്കുകളും ലൈനറുകളും ടാമുകളും മറവും ചേർത്തു് നമ്മുടെ കപ്പലുടക്കപ്പൽ സമൂഹത്തിൻറെ ഘടനയിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റവും ശ്രദ്ധേയമത്രേ.

കപ്പൽനിർമ്മാണം

കപ്പൽ നിർമ്മാണവും ഇന്ത്യയിൽ പുരോഗമിച്ചുവരുന്നു. വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡിൻറെ ശേഷി ഇരട്ടിയാക്കാനും കൊച്ചിയിൽ ഒരു കപ്പൽ നിർമ്മാണകേന്ദ്രം സ്ഥാപിക്കാനുമുള്ള തീരുമാനങ്ങളും വരുംകൊല്ലങ്ങളിൽ കപ്പൽനിർമ്മാണത്തിൽ സ്വയംപര്യാപ്തതനേടാനുള്ള സുപ്രധാന നടപടികളാണു്.

....

തലസ്ഥാനത്തുനിന്നു്

[സ.ലേ] തിരുവനന്തപുരം, ഏ. 4

പബ്ലിക് ഹെൽത്തു് എഞ്ചിനീയറിംഗ് ചീഫ് എഞ്ചിനീയർ ഔദ്യോഗികാവശ്യങ്ങൾക്കായി ഏപ്രിൽ 7—ംതു എറണാകുളവും, 8—ംതു തൃശ്ശൂരും, 9—ംതിയതി പാലക്കാടും, 10—ംതു ആലുവായും സന്ദർശിക്കുന്നതാണു്. അദ്ദേഹം 11—ംതു തിരുവനന്തപുരത്തിനു തിരിച്ചെത്തുന്നതായിരിക്കും.

വില്ലനനികുതി അപ്പലേറേറ് ട്രൈബ്യൂണൽ

കേരള കാഷ്യൂകായനികുതി വില്ലനികുതി അപ്പലേറേറ് ട്രൈബ്യൂണൽ ഏപ്രിൽ 6—ംതു പാലക്കാട്ടു് ആർ. ഡി. ഒ. ആഫ്സിലും, 7—ംതു തൃശ്ശൂർ കലക്ടറേറിലും സമ്മേളിച്ചു് ആദായനികുതിക്കേസ്സുകളും വിചാരണ ചെയ്യുന്നതാണു്.

ജില്ലാ കലക്ടർമാർ

പാലക്കാട്ടു് ജില്ലാ കളക്ടർ കെ. രാജ്മോഹനനെ എറണാകുളം ജില്ലാ കളക്ടറായും, ഡപ്യൂട്ടി സെക്രട്ടറി കെ. വി. രവീന്ദ്രനായരെ പാലക്കാട്ടു് ജില്ലാ കളക്ടറായും നിയമിച്ചിരിക്കുന്നു. എറണാകുളം ജില്ലാ കലക്ടർ പി. പി. ഗോപാലൻനായരെ കൊച്ചിൻ റിഫൈനറീസിൽ പബ്ലിക് റിലേഷൻസ് ഡയറക്ടറായും നിയമിച്ചിട്ടുണ്ടു്.

സിമൻറിൻറെ പാക്കിംഗ് ചാർജ്ജു് വർദ്ധിപ്പിച്ചു

ഏപ്രിൽ ഒന്നാംതീയതി മുതൽ കേന്ദ്രഗവണ്മെൻറ്, സിമൻറിൻറെ പാക്കിങ്ങ് ചാർജ്ജു് വർദ്ധിപ്പിച്ചിരിക്കുന്നു. ഇതനുസരിച്ചു് ഒരു മെട്രിക് ടൺ സിമൻറിൻറെ പാക്കിങ്ങ് ചാർജ്ജിൽ 85 പൈസയുടേയും, ഒരു പാക്കറേറ് സിമൻറിൻറെ പാക്കിങ്ങ് ചാർജ്ജിൽ നാലുപൈസയുടേയും വർദ്ധനവു് ഉണ്ടായിട്ടുണ്ടു്.

കൈത്തറിവാരം

ഇന്നു മുതൽ 11—ംതു-വരെ അഖിലേന്ത്യാ കൈത്തറിവാരം ആചരിക്കുന്നതാണെന്നു് വ്യവസായ വാണിജ്യഡയറക്ടറുടെ ഒരറിയിപ്പിൽ പറയുന്നു.

അനുമോദനയോഗം

'പത്മശ്രീ' ബഹുമതി ലഭിച്ച ഡാ: ടി. എം. എ. പൈയെ അനുമോദിക്കുന്നതിനായി കേരള സാരസ്വത അസോസിയേഷൻറെ ആഭിമുഖ്യത്തിൽ ഏപ്രിൽ 7—ംതു രാത്രി 7 മണിക്കു് വൈ. എം. സി. എ. ഹാളിൽവച്ചു് ഒരു പൊതുയോഗം കൂടുന്നതാണു്.

.....

മേലൂർ പഞ്ചായത്തു് മെമ്പറുടെ റിട്ടു് ഫയലിൽ സ്വീകരിച്ചു

എറണാകുളം, ഏ. 4

മേലൂർ പഞ്ചായത്തിൽപ്പെട്ട കുന്നപ്പിള്ളി വാർഡിൽനിന്നും നേരത്തെവിജയിയായ ശ്രീ. എം. കെ. ബാലഗംഗാധരതിലകൻറെ തിരഞ്ഞെടുപ്പു് റദ്ദാക്കിക്കൊണ്ടു് ഇരിഞ്ഞാലക്കുട മുനിസിഫ് കോടതിയിൽനിന്നും ഉണ്ടായ വിധിയിയിന്മേൽ ഹൈക്കോടതിയിൽ കൊടുത്ത റിട്ടു് ഹരജി ജസ്റ്റീസ് കെ. കെ. മാത്യു ഫയലിൽ സ്വീകരിച്ചിരിക്കുന്നു.

മുൻസിഫിൻറെ വിധി താല്ക്കാലികമായി കോടതിയിൽനിന്നും സ്റ്റേചെയ്തിട്ടുണ്ടു്. ഹരജിക്കാരനുവേണ്ടി അഡ്വ. എം. പി. മേനോൻ, ശ്രീ കെ. നാരായണപിള്ള എന്നിവരാണു് ഹാജരായി വാദിക്കുന്നതു്.

വിമുക്തഭട സംഘടന

വാടാനപ്പള്ളി, ഏ. 3

അവശതയനുഭവിക്കുന്ന വിമുക്തഭടന്മാരുടെ നേരെ സർക്കാർ അനുവർത്തിക്കുന്ന അവഗണനാ നയം തുറന്നുകാട്ടികൊണ്ടും

Printed and Published by Paul Valappila for the A. C. P. Institute at the Thozhilali Press Trichur

മർച്ചൻറ്സ് അസോസിയേഷൻ

(സ.ലേ) ചാലക്കുടി ഏപ്രിൽ 4 ചാലക്കുടി മർച്ചൻറ്സ് അസോ